കൂടാതെ നിലമ്പൂർ നോർത്ത് ഡിവിഷനിൽ ഉൾപ്പെട്ടുവരുന്ന പതിച്ചു നൽകിയിട്ടില്ലാത്ത വനഭൂമി ഉൾപ്പെടെയുള്ള ഭൂമിയിൽ ലാന്റ് ടൈബ്യൂണൽ പട്ടയം നേടി പ്രവർത്തിച്ചിരുന്ന ഒതായി ഗ്രാനൈറ്റ് എന്ന സ്ഥാപനത്തിന് കളക്ടർ നൽകിയ സ്റ്റോപ് മെമ്മോയ്ക്കെതിരെ ടി സ്ഥാപനം ഹൈക്കോടതിയെ സമീപിക്കുകയും കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി അപേക്ഷ റവന്യൂ വകുപ്പ് പരിശോധിച്ച് അത് നിരസിക്കുകയും ചെയ്തിരുന്നു. ഇതിനെതിരെ ടി സ്ഥാപനം ഫയൽ ചെയ്ത 35843/15-ാം നമ്പർ റിട്ട് പെറ്റീഷൻ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(സി) നിലമ്പൂർ നോർത്ത് ഡിവിഷന്റെ കീഴിൽ 1917.4841 ഹെക്ടർ വനഭൂമി കാർഷികാവശ്യത്തിന് പതിച്ചു കൊടുക്കുന്നതിനായി റവന്യൂ വകുപ്പിന് കൈമാറി. അതിൽ 1194.38 ഹെക്ടർ പതിച്ചു നൽകിയിട്ടുണ്ട്.

(ഡി) 11-11-2015-ലെ ജി.ഒ.(എം.എസ്) നമ്പർ 593/15/റവ, നമ്പർ ഉത്തരവിൽ ഭൂ പതിവ് ചട്ടപ്രകാരം പതിച്ചുനൽകിയ എൽ.എ. പട്ടയഭൂമിയിലെ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുന്നതിന് റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുകയും അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) കാർഷിക ആവശ്യത്തിന് പതിച്ചു നൽകുന്ന വനഭൂമിയിൽ പാറ ഖനനത്തിന് അനുമതി നൽകുന്നത് 1980-ലെ കേന്ദ്ര വന സംരക്ഷണ നിയമപ്രകാരം ലംഘനമാണ്. പതിച്ചു നൽകാതെ അവശേഷിക്കുന്ന വനഭൂമി തിരിച്ചെടുക്കുവാനുള്ള സർവ്വേ നടപടികൾ കോടതി വിധി പ്രകാരം നടന്നുവരുന്നു. 175.81 ഹെക്ടർ വനഭൂമി വീണ്ടെടുക്കുവാൻ കഴിഞ്ഞു. 421.4752 ഹെക്ടർ വനഭൂമിയുടെ സർവ്വേ പൂർത്തിയായിട്ടുണ്ട്.

തടിവ്യവസായം

280 (2109) ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. സി. എഫ്. തോമസ് :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരവ്യവസായം പരിപോഷിപ്പിക്കുന്നതിന് വനം വകുപ്പ് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത രംഗത്തെ പ്രതിസന്ധികൾ എന്തെല്ലാമെന്നും അവ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ ;

(സി) തടി വ്യവസായത്തിനുള്ള ലൈസൻസിംഗ്, പൂട്ടുക്കൽ എന്നിവ സംബന്ധിച്ച് നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) നിലവിലുള്ള കോടതി വിധികൾ, നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയ്ക്ക് വിധേയമായി മരവ്യവസായം പരിപോഷിപ്പിക്കുന്നതിന് ഉതകുംവിധം നടപടികൾ എടുക്കുന്നുണ്ട്.

(ബി) ബഹു. സുപ്രീം കോടതിയുടെ വിധി പ്രകാരം 30-10-2002 എന്ന തീയതിക്ക് മുമ്പിനാലെ മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ലൈസൻസോടെ പ്രവർത്തിച്ചുവരുന്ന മരവ്യവസായ യൂണിറ്റുകൾക്ക് തുടർന്നും അതേ കപ്പാസിറ്റിയോടുകൂടി പ്രവർത്തിക്കുവാൻ ലൈസൻസ് നൽകുന്നുണ്ട്. എന്നാൽ 30-10-2002-ന് ശേഷം ആരംഭിക്കുന്ന തടിയധിഷ്ഠിത വ്യവസായ സ്ഥാപനത്തിന് തടി ലഭ്യത പരിശോധിച്ച്, തടി ലഭ്യത അടിസ്ഥാനമാക്കി മാത്രമേ ലൈസൻസ് നൽകുവാൻ കഴിയുകയുള്ളൂ. തടി ലഭ്യത സംബന്ധിച്ച് പഠനം നടത്തി തടി ലഭ്യത തിട്ടപ്പെടുത്താറുണ്ട്.

(സി) 19-4-2012-ലെ ചട്ടങ്ങൾ പ്രകാരം [സ.ഉ.(പി) നമ്പർ 51/2012/വനം] വനം വകുപ്പിന്റെ ലൈസൻസില്ലാതെ ഒരു തടിയധിഷ്ഠിത വ്യവസായ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. സംസ്ഥാനത്തെ തടി ലഭ്യത സംബന്ധിച്ച് പഠനം നടത്തിയശേഷം ആവശ്യത്തിന് തടി ലഭ്യമാണ് എന്ന് സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റിക്ക് ബോധ്യമാണെങ്കിൽ മാത്രമേ പുതിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാൻ നിവൃത്തിയുള്ളൂ. എന്നാൽ 30-10-2002-ന് മുമ്പ് നിലവിൽ ഉണ്ടായിരുന്ന സാമില്ലുകൾക്ക് ഇപ്പോൾ ലൈസൻസ് നൽകുന്നതിനും പൂട്ടുക്കുന്നതിനും 19-4-2012-ൽ നിലവിൽ വന്ന ജി.ഒ.(പി) നമ്പർ 51/2012/വനം [The Kerala Forest (Regulation of Sawmills & other wood based industrial units) Rule 2012] പ്രകാരവും നിയമം അനുവദിക്കുന്നുണ്ട്. കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സാമിൽസ് & അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്) ഭേദഗതി നിയമം, 2015 [സ.ഉ.(പി)66/2015/വനം] 9-9-2015 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ലൈസൻസിന് അപേക്ഷിക്കേണ്ട കാലാവധി ഉത്തരവ് തീയതി മുതൽ 6 മാസത്തേക്കു കൂടി നീട്ടി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly